2024
MAY
18
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 98465 97821

## ഫാക്റ്റിൻെറ ലാഭം കുത്തനെ കുറഞ്ഞു




**കൊച്ചി:** കേന്ദ്ര പൊതുമേഖലാ വളം നിർമാണക്കമ്പനിയായ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡിൻെറ (ഫാക്റ്റ്) കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2023 24) ലാഭത്തിലും വിറ്റുവരവിലും കനത്ത ഇടിവ്.

കമ്പനിയുടെ ലാഭം മുൻവർഷത്തിലെ സമാനപാദത്തിലെ 612.83 കോടി രൂപയിൽ നിന്ന് 146.17 കോടിയായി കുത്തനെ ഇടിഞ്ഞു. വിറ്റുവരവ് 6,198.15 കോടി രൂപയിൽ നിന്ന് 5,054.93 കോടി രൂപയുമായി. കഴിഞ്ഞ വർഷം റെക്കോഡ് ലാഭവും വിറ്റുവരവും കുറിച്ച സ്ഥാനത്താണ് ഇത്രയും ഭീമമായ വീഴ്ച. കഴിഞ്ഞ നാല് വർഷമായി തുടർച്ചയായി ലാഭം നേടിയിരുന്ന പൊതുമേഖലാ സ്ഥാപനമാണ് ഫാക്റ്റ്. 202122 സാമ്പത്തിക വർഷത്തിൽ ലാഭം 353.28 കോടി രൂപയായിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ നാലാം പാദമായ ജനുവരി മാർച്ചിൽ ഫാക്റ്റ് 61.2 കോടി രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയത്. മുൻ വർഷത്തെ സമാനപാദത്തിൽ 165.44 കോടി രൂപ ലാഭം രേഖപ്പെടുത്തിയ സ്ഥാനത്താണിത്. 63 ശതമാനമാണ് ഇടിവ്. വിറ്റുവരവ് 202223 സാമ്പത്തിക വർഷത്തെ നാലാം പാദത്തിലെ 1,300.73 കോടി രൂപയിൽ നിന്ന് 18% കുറഞ്ഞ് 1,061.82 കോടി രൂപയായി. ലാഭത്തിലും വിറ്റുവരവിലും കുറവ് രേഖപ്പെടുത്തിയ ഫാക്റ്റ് ഓഹരികൾ ഇന്നലെ 2.66% ഇടിഞ്ഞാണ് വ്യാപാരം അവസാനിപ്പിച്ചത്. എന്നാൽ ഇന്ന് രാവിലത്തെ വ്യാപാര സെഷനിൽ ഒരു ശതമാനത്തോളം ഉയർന്ന് 682.20 രൂപയിലാണ് ഓഹരി വ്യാപാരം നടത്തുന്നത്.

ഓഹരിയൊന്നിന് 97 പൈസ വീതം 202324 സാമ്പത്തിക വർഷത്തെ അന്തിമ ലാഭവിഹിതം നൽകാൻ ഫാക്റ്റിൻെറ ഡയറക്റ്റർ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്.

## വിഴിഞ്ഞത്ത് 9.5 കി.മീ. ഭൂഗർഭ റെയിൽ വരുന്നു, ഡിപിആറിന് അംഗീകാരം



**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാനായി 9.5 കി.മീ. ഭൂഗർഭ തീവണ്ടിപ്പാത നിർമിക്കാനൊരുങ്ങി സംസ്ഥാന സർക്കാർ. വിഴിഞ്ഞം തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.76 കിലോമീറ്റർ ദൂരം വരുന്ന തീവണ്ടിപ്പാതയുടെ പദ്ധതി രേഖയ്ക്ക് (ഡിപിആർ) ചീഫ് സെക്രട്ടറി ഡോ. വി.വേണു അധ്യക്ഷനായ പദ്ധതിനിർവഹണ സമിതി കഴിഞ്ഞ ദിവസം അംഗീകാരം നൽകി.

ഇതിൽ 9.5 കി.മീ ആണ് ഭൂമിക്കടിയിലൂടെ നിർമിക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷനാണ് 1,400 കോടി രൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമാണച്ചുമതല. ന്യു ഓസ്ട്രിയൻ ടണലിങ് മെതേഡ് (എൻഎടിഎം) എന്ന സാങ്കേതികവിദ്യയാവും ഭൂഗർഭപാതയുടെ നിർമാണത്തിനായി ഉപയോഗിക്കുക. 42 മാസത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാനാണ് പദ്ധതി. നിർമാണം കഴിയുന്നതോടെ വിഴിഞ്ഞത്തുനിന്ന് മണിക്കൂറിൽ 1530 കി.മീ. വേഗതയിൽ 36 മിനിറ്റുകൊണ്ട് ബാലരാമപുരത്തേക്കു കണ്ടെയ്നറുകൾ എത്തിക്കാനാവും.

വിഴിഞ്ഞം തുറമുഖത്തിന്റെ 150 മീറ്റർ അടുത്തുനിന്നു തന്നെ ഭൂഗർഭപാത ആരംഭിക്കും. ടേബിൾ ടോപ്പ് രീതിയിലാവും ഭൂഗർഭപാത ബാലരാമപുരത്തേക്ക് എത്തുക. ഇവിടെ നേമംബാലരാമപുരം റെയിൽപാതയ്ക്കു സമാന്തരമായി സഞ്ചരിച്ച് ബാലരാമപുരത്ത് ചേരും. വിഴിഞ്ഞം ബാലരാമപുരം റോഡിന്റെ അതേ അലൈൻമെന്റിൽ ഭൂനിരപ്പിൽനിന്ന് 30 മീറ്റർ എങ്കിലും താഴ്ചയിലാവും പാത കടന്നുപോകുക. രാജ്യത്തെ തന്നെ ഏറ്റവും വലിയ മൂന്നാമത്തെ റെയിൽവേ ടണൽ ആയിരിക്കും വിഴിഞ്ഞത്തേത്. ഉധംപുർശ്രീനഗർബാരാമുള്ള റെയിൽ ലിങ്കിന്റെ ഭാഗമായ 12.75 കി.മി. ടണൽ, 11.2 കി.മീ നീളമുള്ള പിർ പഞ്ചാൾ ടണൽ എന്നിവയാണ് മറ്റ് രണ്ടെണ്ണം.

അദാനി ഗ്രൂപ്പുമായുള്ള കൺസഷൻ കരാർ പ്രകാരം റെയിൽ കണക്ടിവിറ്റി ഒരുക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഇതു പ്രകാരം വിവിധ പദ്ധതികൾ ചർച്ച ചെയ്ത ശേഷമാണു ബാലരാമപുരത്തേക്കുള്ള ഭൂഗർഭ റെയിൽപാത എന്ന തീരുമാനത്തിലേക്കെത്തിയത്. ഭൂമി ഏറ്റെടുക്കൽ ഏറ്റവും കുറയ്ക്കാൻ കഴിയുമെന്നതാണ് പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണമായി അധികൃതർ ചൂണ്ടിക്കാട്ടുന്നത്. സാധാരണ നിലയിൽ നിർമിക്കുകയാണെങ്കിൽ 65 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥാനത്ത് ഭൂഗർഭ റെയിൽ പദ്ധതിക്കായി 5.5 ഹെക്ടർ സ്ഥലം ഏറ്റെടുത്താൽ മതിയാകുമെന്നു വിഴിഞ്ഞം ഇന്റർനാഷനൽ സീപോർട്ട് ലിമിറ്റഡ് അധികൃതർ വ്യക്തമാക്കുന്നു. പദ്ധതിക്ക് ദക്ഷിണ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്.

## ബെവ്കൊ ഔട്ട്ലെറ്റുകളിൽ ജീവനക്കാരുടെ കുറവ്; പല കൗണ്ടറുകളും അടച്ചുപൂട്ടി




**കൊച്ചി:** മധ്യകേരളത്തിലെ ബെവ്കൊ ഔട്ട്ലെറ്റുകളിൽ ജീവനക്കാരുടെ കുറവ് മൂലം പല കൗണ്ടറുകളും അടച്ചുപൂട്ടി. പെരുമ്പാവൂർ, മൂവാറ്റുപുഴ, പട്ടിമറ്റം എന്നിവ അടച്ചുപൂട്ടിയവയിൽ പെടും. അടച്ചുപൂട്ടിയ കൗണ്ടറുകളിൽ നിന്നെല്ലാം നല്ല വരുമാനം ലഭിച്ചിരുന്നതാണ്. വരും ദിവസങ്ങളിൽ കൂടുതൽ കൗണ്ടറുകൾ അടയ്ക്കാനാണ് സാധ്യത. സെൻട്രൽ സോൺ റീജിയണൽ മാനേജറുടെ കീഴിൽ 5 വെയർഹൗസുകളും,44 ഔട്ട്ലറ്റുകളുമാണുള്ളത്. ഇവയ്ക്ക് പുറമെ 30 ഓളം പ്രീമിയം കൗണ്ടറുകളും ഉണ്ട്.

500 ഓളം ജീവനക്കാരാണ് 44 ഔട്ട്ലറ്റുകളുടെ പ്രവത്തനത്തിനു ദൈനംദിനം വേണ്ടത്. എന്നാൽ 200 ഓളം ജീവനക്കാരുടെ കുറവാണ് മധ്യ മേഖലയിൽ മാത്രം ഉള്ളത്. കൂടാതെ വെയർഹൗസുകളിൽ ലേബലിംഗ് ഉൾപെടെയുള്ള ജോലികൾ ചെയ്യുന്നതിനും ആവശ്യത്തിന് ജീവനക്കാരില്ലാത്തതും ബെവ്കോയെ പ്രതിസന്ധിയിലാക്കുന്നു. 60 ജീവനക്കാർ വേണ്ടിടത്ത് 28 പേർ മാത്രമാണുള്ളതെന്നതും പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു.

ബെവ്കൊയിൽ സ്റ്റാഫ് പാറ്റേൺ ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഔട്ട്ലെറ്റുകളിൽ സ്റ്റാഫുകളുടെ കൃത്യത നിർണ്ണയിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ഇല്ലാത്തതാണ് കൂടുതൽ പ്രതിസന്ധികൾക്ക് കാരണമെന്ന് ജീവനക്കാർ പറയുന്നു. ബെവ്കൊയുടെ നിയമനങ്ങൾ മുഴുവനും പി എസ് സി വഴിയായതോടെ ഇങ്ങനെ വന്ന ജീവനക്കാർ അവർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ മാത്രം ജോലി ചെയ്തു വരുന്നതും ഔട്ട്ലെറ്റിൻെറ ചാർജ്ജ് വഹിക്കേണ്ട സീനിയർ അസിസ്റ്റൻറുമാർ അവരുടെ സൗകര്യാർത്ഥം ഉത്തരവാദിത്വങ്ങൾ ഏൽക്കാതെ സ്വാധീനമുപയോഗിച്ച് മാറി പോയതും ബെവ്കോയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസമാകുന്നു.

പരിചയ കുറവുള്ള പുതിയ എൽ ഡി മാരും ഓ എ മാരും ഔട്ട്ലെറ്റുകളുടെ ചാർജ്ജ്കൾ വഹിക്കുന്നതും പ്രതിസന്ധിക്ക് കാരണമാണ്. താല്ക്കാലികമായ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിമാത്രം നിയമനം നടത്തേണ്ട തസ്തികളിൽ പോലും ബെവ്കൊ അത് ചെയ്യാത്തതു മൂലം ആയിരങ്ങളുടെ അവസരങ്ങളും നഷ്ടപെടുത്തുന്നു. പ്രതിസന്ധി മൂലം അടഞ്ഞു കിടക്കുന്ന ഔട്ട് ലറ്റുകളുടെ വാടകയും മറ്റു ചെലവുകളും ബെവ്കൊയ്ക്ക് ബാധ്യതയാണ്. സർക്കാരും മാനേജ്മെൻറും ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ പ്രതിസന്ധി രൂക്ഷമാകുമെന്നും ജീവനക്കാർ പറയുന്നു.



# യുകെ ഫാഷൻ ബ്രാൻഡിനെ ഇന്ത്യയിലുമെത്തിക്കാൻ റിലയൻസ്



**കൊച്ചി:** യുകെയിലെ വിഖ്യാത ഓൺലൈൻ ഫാഷൻ റീട്ടെയ്‌ലറായ എഎസ്ഒഎസിനെ റിലയൻസ് റീട്ടെയിൽ ഇന്ത്യൻ ഉപഭോക്താക്കളിലേക്കെത്തിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ദീർഘകാല കരാറിൽ ഇരുകമ്പനികളും ഒപ്പുവെച്ചു.

20കളിലുള്ളവരുടെ ഫാഷൻ അഭിരുചികളെ സംതൃപ്തിപ്പെടുത്തുന്ന എഎസ്ഒഎസ് യുകെയിൽ യുവതലമുറയുടെ ഹരമാണ്. ഇത്തരമൊരു ലോകോത്തര ബ്രാൻഡിനെ ബഹുതലഫോർമാറ്റിൽ ഇന്ത്യയിലെത്തിക്കാനാണ് നീക്കം. ഓൺലൈനായും ഓഫ്‌ലൈനായും എഎസ്ഒഎസിന്റെ ഇന്ത്യയിലെ എക്സ്ക്ലൂസിവ് പാർട്ണറായിരിക്കും റിലയൻസ് റീട്ടെയ്ൽ. എഎസ്ഒഎസ് ബ്രാൻഡുകളുടെ എക്സ്ക്ലൂസിവ് സ്റ്റോറുകൾക്ക് പുറമ മൾട്ടി ബ്രാൻഡ് സ്റ്റോറുകളിലും ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാക്കുമെന്ന് റിലയൻസ് റീട്ടെയ്ൽ വെഞ്ച്വേഴ്സ് ലിമിറ്റഡ് ഡയറക്റ്റർ ഇഷ അംബാനി പറഞ്ഞു.ആദ്യമായാണ് എഎസ്ഒഎസ് ഒരു ഇന്ത്യൻ കമ്പനിയുമായി എക്സ്ക്ലൂസിവ് പങ്കാളിത്തത്തിൽ ഏർപ്പെടുന്നത്. ആഗോള ഫാഷൻ ട്രെൻഡുകൾക്കൊപ്പം അതിവേഗം സഞ്ചരിക്കാൻ ഇന്ത്യൻ ഉപഭോക്താക്കൾക്ക് ഇതിലൂടെ സാധിക്കും.ആഗോള ട്രെൻഡുകൾ ഇന്ത്യൻ ഉപഭോക്താക്കളിലേക്ക് വളരെ വേഗം എത്തിക്കുന്നതിന് ഇത് സഹായിക്കും. ഇന്ത്യയിലെ പ്രീമിയർ റീട്ടെയ്ൽ ഡെസ്റ്റിനേഷനെന്ന നിലയിൽ ഞങ്ങളുടെ സ്ഥാപനം ഊട്ടിയുറപ്പിക്കുന്നതാണ് പുതിയ പങ്കാളിത്തം. ഉപഭോക്താക്കൾക്ക് അത്യാധുനിക, ഉന്നതഗുണനിലവാരത്തിലുള്ള ഫാഷൻ സ്റ്റൈലുകൾ അവരുടെ ആഗ്രഹത്തിനനുസരിച്ച് ലഭ്യമാകുന്നു എന്നത് ഞങ്ങൾ ഉറപ്പുവരുത്തുന്നുവെന്നും ഇഷ അംബാനി പറഞ്ഞു.2000ത്തിൽ പ്രവർത്തനം തുടങ്ങിയ എഎസ്ഒഎസിന്റെ ആസ്ഥാനം ലണ്ടനാണ്. 1000ത്തോളം ബ്രാൻഡുകളാണ് എഎസ്ഒഎസ് പ്ലാറ്റ്ഫോം ലഭ്യമാക്കുന്നത്, ഒപ്പം അവരുടെ സ്വന്തം ഉൽപ്പന്നങ്ങളുമുണ്ട്. യുഎസിലേക്കും യൂറോപ്പിലേക്കും ഉൾപ്പടെ 100ലധികം രാജ്യങ്ങളിലേക്ക് എഎസ്ഒഎസ് ബ്രാൻഡുകൾ എത്തുന്നുണ്ട്.




# ലുലുവിൽ മധുരമൂറും മാമ്പഴ ഫെസ്റ്റ്

**കൊച്ചി :** മാമ്പഴ പ്രിയർക്ക് രുചി വൈവിധ്യങ്ങൾ സമ്മാനിച്ച് ലുലു മാങ്കോ ഫെസ്റ്റ്. രാജ്യത്തെ വിവിധ തരത്തിലുള്ള മാമ്പഴങ്ങൾ പരിചയപ്പെടുത്തുന്ന ഫെസ്റ്റ് നടൻ ഷൈൻ ടോം ചാക്കോ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു.

ബംഗനപള്ളി, തോതാപുരി, ഇമാംപസന്ദ്, പ്രിയൂർ, അൽഫോൻസാ, സിന്ധൂര, മാൽഗോവ, റുമാനി, മല്ലിക ഗുദാദത്ത്,ചന്ദ്രകരൻ,കാലപ്പാടി, നീലം തുടങ്ങി അമ്പതോളം വൈവിധ്യമാർന്ന ശേഖരമാണ് മാമ്പഴഫെസ്റ്റിൽ ഒരുക്കിയിരിക്കുന്നത്.

ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങളിലെ പ്രീമിയം, നടൻ മാങ്ങകളുടെ വലിയ ശേഖരമാണുള്ളത്. പ്രത്യേക ഫുഡ് കൗണ്ടറും തയാറാണ്. മാങ്ങ കൊണ്ടുള്ള വിവിധ കറികൾ, ബിരിയാണി മാമ്പഴം കൊണ്ടുള്ള കേക്ക്, ഡോണറ്റ്, മഫിൻസ് തുടങ്ങി ഒട്ടേറെ വിഭവങ്ങളും ഒരുക്കിയിട്ടുണ്ട്.

പ്രത്യേക ഓഫറുകളും ലഭ്യമാണ്. മെയ് 19 വരെയാണ് ലുലു ഹൈപ്പർമാർക്കറ്റിൽ മാങ്കോ ഫെസ്റ്റ് നടക്കുന്നത്. മധുരമൂറം മാമ്പഴക്കാലമാണ് ഫെസ്റ്റിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നത്.

# വിഗാർഡ് അറ്റാദായത്തിൽ 44.5 ശതമാനം വർധന

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് 202324 സാമ്പത്തിക വർഷം അവസാന പാദത്തിൽ 76.17 കോടി രൂപ സംയോജിത അറ്റാദായം നേടി. മുൻ വർഷം ഇതേ പാദത്തിലെ 52.72 കോടി രൂപയിൽ നിന്ന് 44.5 ശതമാനമാണ് വർധന. 2024 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷം കമ്പനി 257.58 കോടി രൂപയുടെ അറ്റാദായവും നേടി. മുൻ വർഷത്തെ 189.05 കോടി രൂപയിൽ നിന്നും 36.2 ശതമാനമാണ് വാർഷിക ലാഭവർധന.മാർച്ച് 31 ന് അവസാനിച്ച നാലാം പാദത്തിൽ കമ്പനിയുടെ സംയോജിത വരുമാനം 1342.77 കോടി രൂപയാണ്. മുൻവർഷത്തെ 1139.22 കോടി രൂപയിൽ നിന്നും 17.9 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. കമ്പനിയുടെ വാർഷിക പ്രവർത്തന വരുമാനവും 17.7 ശതമാനം വർധനയോടെ 4856.67 കോടി രൂപയിലെത്തി. മുൻ വർഷം ഇത് 4127.19 കോടി രൂപയായിരുന്നു.നാലാം പാദത്തിൽ സമ്മർ സീസണിന് മികച്ച തുടക്കമാണ് ലഭിച്ചത്. ഡിമാൻഡും വർധിച്ചത് ഗുണകരമായി. ഇലക്ട്രോണിക്സ് ഗൃഹോപകരണ വിഭാഗം കരുത്തുറ്റ വളർച്ചയാണ് നേടിയത്. കഴിഞ്ഞ വർഷം നടപ്പിലാക്കിയ വിവിധ വിപണന പദ്ധതികളുടെ ഫലമായി ഈ പാദത്തിൽ സൺഫ്ളെയ്മും മികച്ച വളർച്ച കൈവരിച്ചു. മാർജിൻ വളർച്ച മെച്ചപ്പെട്ടു വരുന്നു. അടുത്തിടെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ച ബാറ്ററി, അടുക്കള ഉപകരണ ഫാക്ടറികൾ വരും വർഷത്തിൽ നേട്ടങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

# നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ടുമായി ഡിഎസ്പി മുച്ചൽ ഫണ്ട്

**കൊച്ചി:** പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ ഡിഎസ്പി മുച്ചൽ ഫണ്ട് രാജ്യത്തെ 12 മുൻനിര ബാങ്കുകളുടെ ഓഹരികളിൽ നിക്ഷേപിക്കുന്ന നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. ഈ മാസം 27 വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. ഈ ഫണ്ടിലൂടെ നിക്ഷേപകർക്ക് വിപണിയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന പൊതു, സ്വകാര്യ ബാങ്കുകളുടെ ഓഹരികൾ സ്വന്തമാക്കാം. 2018ന് ശേഷം ഇന്ത്യയിലെ ബാങ്കുകളുടെ ആസ്തി വരുമാനം മൂന്ന് മടങ്ങ് വർധിച്ച സാഹചര്യത്തിൽ നിക്ഷേപകർക്ക് ദീർഘകാല നേട്ടമുണ്ടാക്കാൻ നിഫ്റ്റി ബാങ്ക് ഇൻഡക്സ് ഫണ്ട് സഹായിക്കുമെന്ന് ഡിഎസ്പി മുച്ചൽ ഫണ്ടിന്റെ ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊഡക്ട്സ് വിഭാഗം തലവൻ അനിൽ ഗെലാനി പറഞ്ഞു.

# കോണ്ടിനെന്റൽ ജി.ടി കപ്പ് നാലാം സീസൺ



**കൊച്ചി:** ആവേശകരമായ മൂന്ന് റേസിംഗ് സീസണുകൾക്ക് ശേഷം, റോയൽ എൻഫീൽഡ് ഇന്ത്യയിലെ ഏക ട്രൂലി ഇൻക്ലൂസിവ് മോട്ടോർ സൈക്കിൾ റേസിംഗ് സീരീസായ റോയൽ എൻഫീൽഡ് കോണ്ടിനെന്റൽ ജിടി കപ്പ് '24'ന്റെ നാലാം സീസണിനായി തയ്യാറെടുക്കുകയാണ്. രാജ്യമെമ്പാടുമുള്ള അമേചർ, ഭാവി പ്രതീക്ഷയുള്ള റേസർമാരെ റേസിംഗ് മത്സരത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുന്ന ജി.ടി കപ്പ്സീസൺ 24ന്റെ രജിസ്ട്രേഷൻ ആരംഭിക്കുകയാണ്.

# സാംകോ മ്യൂച്വൽ ഫണ്ടിന്റെ സ്പെഷ്യൽ ഓപ്പർച്യുണിറ്റീസ് ഫണ്ട്

**കൊച്ചി:** സാംകോ മ്യൂചൽ ഫണ്ടിന്റെ സ്പെഷ്യൽ ഓപ്പർച്യുണിറ്റീസ് ഫണ്ട് എൻഎഫ്ഒ മെയ് 17 മുതൽ 31 വരെ നടത്തും. താഴ്ന്ന മൂല്യ നിർണയമുള്ളതോ ശ്രദ്ധിക്കപ്പെടാതെ പോകുന്നതുമായ അവസരങ്ങളിലൂടെ ദീർഘകാല മൂലധന വളർച്ച ലക്ഷ്യമിടുതാണ് പദ്ധതിയെന്ന് സിഐഒ ഉമേഷ്കുമാർ മേത്ത പറഞ്ഞു.വിവിധ മേഖലകളിലും പ്രമേയങ്ങളിലുമായുള്ള നിക്ഷേപം വഴി വൈവിധ്യവൽക്കരണവും ഈ പദ്ധതിയിലൂടെ സാധ്യമാകു ഡിജിറ്റലൈസേഷൻ, ഇൻസൈഡർ മിറർ ട്രേഡിങ്, സ്പിൻ ഓഫ്സ് & കോർപ്പറേറ്റ് ആക്ഷൻസ്, പരിഷ്ക്കരണങ്ങളും നിയന്ത്രണങ്ങളും, സർക്കാർ തലം, കുറഞ്ഞ മൂല്യ നിർണയമുള്ള ഹോൾഡിങ് കമ്പനികൾ, സുസ്ഥിരമായ പ്രവണതകൾ, നവീകരണവും സാങ്കേതിക തടസ്സങ്ങളും, സംഘടിത ഷിഫ്റ്റ്, പുതിയതും ഉയർന്നുവരുന്നതുമായ മേഖലകൾ തുടങ്ങി വിവിധങ്ങളായ 10 സവിശേഷ ഉപവിഭാഗങ്ങളുള്ള വളർച്ചാ തന്ത്രമാണ് സാംകോ മ്യൂചൽ ഫണ്ടിന്റെ സ്പെഷൽ ഓപ്പർച്യുണിറ്റീസ് ഫണ്ട് മുന്നോട്ടുവെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.അത്യാധുനികവും വിശ്വസനീയവുമായ സാമ്പത്തിക സേവനങ്ങളിലൂടെ നിക്ഷേപകരെ ശാക്തീകരിക്കാനാണ് സാംകോ മ്യൂചൽ ഫണ്ട് ഉദ്ദേശിക്കുന്നത് നികുതി സംബന്ധമായ നേട്ടങ്ങളാണ് സാംകോ സ്പെഷ്യൽ ഓപ്പർച്യുണിറ്റീസ് ഫണ്ടിന്റെ മറ്റൊരു പ്രേത്യേകതയെന്നും ഉമേഷ്കുമാർ മേത്ത പറഞ്ഞു.

# കാൻ ചലച്ചിത്ര മേള: ശ്രദ്ധയാകർഷിച്ച് ഭാരത് പർവ് ആഘോഷം

ന്യൂഡൽഹി :എഴുപത്തിയേഴാമത് കാൻ ചലച്ചിത്ര മേളക്ക് ഫ്രഞ്ച് റിവിയേരയിൽ രണ്ട് ദിവസം മുൻപ് തുടക്കമായി. ഇതിന്റെ ഭാഗമായി കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജു, ആദ്യ 'ഭാരത് പർവ് ' പരിപാടിക്ക് ആതിഥേയത്വം വഹിച്ചു. കാൻ ചലച്ചിത്ര മേളയുടെ ഭാഗമായി ഇന്ത്യൻ സിനിമയ്ക്കൊപ്പം ഇന്ത്യയുടെ സമ്പന്നമായ സംസ്കാരവും പാചകരീതികളും കരകൗശലവസ്തുക്കളും ആഘോഷിക്കുന്നതിനുള്ള ഒരു സായാഹ്നം ആയാണ് 'ഭാരത് പർവ് ' സംഘടിപ്പിച്ചത് .കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള എൻഎഫ്ഡിസിയാണ് എഫ്ഐസിസിഐയുടെ പങ്കാളിത്തത്തോടെ പരിപാടി സംഘടിപ്പിച്ചത്.2024 നവംബർ 2028 വരെ ഗോവയിൽ നടക്കുന്ന 55മത് ഇന്ത്യാ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഔദ്യോഗിക പോസ്റ്ററിന്റെയും , കൂടാതെ ഐഎഫ്എഫ്ഐയ്ക്കൊപ്പം സംഘടിപ്പിക്കുന്ന ഒന്നാം ലോക ഓഡിയോ വിഷ്വൽ ആൻഡ് എന്റർടെയ്ൻമെന്റ് ഉച്ചകോടിയുടെ ഉദ്ഘാടന പതിപ്പിന്റെ ' സേവ് ദ ഡേറ്റ് ' പോസ്റ്ററിന്റെ പ്രകാശനത്തിനും ഭാരത് പർവ്വ് സാക്ഷ്യം വഹിച്ചു . മന്ത്രാലയം സെക്രട്ടറി ശ്രീ സഞ്ജയ് ജാജു പ്രകാശനം നിർവഹിച്ചു . ചലച്ചിത്ര പ്രവർത്തകരായ അശോക് അമൃത്‌രാജ്, റിച്ചി മെഹ്ത, ഗായകൻ ഷാൻ, നടൻ രാജ്പാൽ യാദവ്, ചലച്ചിത്ര പ്രവർത്തകൻ ബോബി ബേദി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.ഭാരത് പർവിനായുള്ള മെനു തയ്യാറാക്കുന്നതിനായി ഷെഫ് വരുൺ ടോട്ട്ലാനിയെ പ്രത്യേകം എത്തിച്ചിരുന്നു. ഗായിക സുനന്ദ ശർമ്മ, വളർന്നുവരുന്ന ഗായകരായ പ്രഗതി, അർജുൻ, ഗായകൻ ഷാനിന്റെ മകൻ മാഹി എന്നിവർ സംഗീത പരിപാടികൾ അവതരിപ്പിച്ചു. നടി ശോഭിത ധൂലിപാല, അസമീസ് നടി ആമി ബറുവ, ചലച്ചിത്ര നിരൂപക അനുപമ ചോപ്ര തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു .

# ടിവിഎസ് അപ്പാച്ചെ പുതിയ ബ്ലാക്ക് എഡിഷൻ അവതരിപ്പിച്ചു



**കൊച്ചി:** ടിവിഎസ് അപ്പാച്ചെ ആർടിആർ മോട്ടോർ സൈക്കിൾ സീരീസിലെ ഡാർക് എഡിഷൻ വേരിയൻറായ എ ബ്ലെയ്സ് ഓഫ് ബ്ലാക്ക് കേരളത്തിൽ അവതരിപ്പിച്ചു.

ടിവിഎസ് അപ്പാച്ചെ ആർടിആർ 160, ആർടിആർ 160 4വി എന്നീ പേരുകളിലാണ് ഇതു പുറത്തിറക്കിയത്.9250 പവറിൽ 17.6 പിഎസ് പുപ്പെടുവിക്കുന്ന ഇന്ത്യയിലെ ഏറ്റവും ശക്തമായ 160 സിസി ഓയിൽ കൂൾഡ് മോട്ടോർസൈക്കിളാണ് അപ്പാച്ചെ ആർടിആർ 160 4വി. മൂന്നു റൈഡ് മോഡുകൾ, ഡിജിറ്റൽ എൽസിഡി ക്ലസ്റ്റർ, എൽഇഡി ഹെഡ്ലാമ്പും ടെയിൽ ലാമ്പും, ജിടിടി തുടങ്ങി ഈ വിഭാഗത്തിലെ ഏറ്റവും മികച്ച സവിശേഷതകളുമായാണ് ഇരു മോട്ടോർ സൈക്കിളുകളും എത്തുന്നത്.

ഈ വിഭാഗത്തിൽ ആദ്യമായി അവതരിപ്പിക്കുന്ന എഞ്ചിൻ, എബിഎസ് മോഡുകൾ കൂട്ടിച്ചേർത്തുള്ളവ അടക്കം വിവിധ റൈഡിങ് സാഹചര്യങ്ങൾക്കായുള്ള സ്പോർട്ട്, അർബൻ, റെയിൻ എന്നീ മൂന്നു മോഡുകളാണ് ഇതിൽ ലഭിക്കുന്നത്.

ബ്ലാക്ക് എഡിഷൻ ടിവിഎസ് അപ്പാച്ചെ ആർടിആർ 160ന് 1,11,270 രൂപ, ടിവിഅസ് അപ്പാച്ചെ ആർടിആർ 160 4വിക്ക് 1,21,270 എന്നീ പ്രത്യേക വിലകളിലാവും (കേരളത്തിലെ എക്സ് ഷോറൂം വില) ലഭ്യമാകുക.



# സഹ്യ പ്രീമിയർ ലീഗ് ഫുട്ബോൾ: ഐപിക്സ് ടെക്നോളജീസ് ജേതാക്കളായി

**കോഴിക്കോട്:** സഹ്യ പ്രീമിയർ ലീഗ് ഫുട്ബോളിൽ ആക്സൽ ടെക്നോളജീസിനെതിരെ എതിരില്ലാത്ത അഞ്ചു ഗോളിന് ഐപിക്സ് ടെക്നോളജീസ് ജേതാക്കളായി.സൈബർപാർക്കും സിഎഎഫ്ഐടി (കാലിക്കറ്റ് ഫോറം ഫോർ ഇൻഫർമേഷൻ ടെക്നോളജി) യും സഹ്യ പ്രീമിയർ ലീഗ് കമ്മിറ്റിയും സംയുക്തമായി സൈബർ സ്പോർട്സ് അരീനയിലാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചത്.ഒമ്പത് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ 24 കമ്പനികളുടെ ടീമുകൾ മാറ്റുരച്ചു. നാല് ടീമുകളുള്ള ആറ് ഗ്രൂപ്പുകളായാണ് മത്സരിച്ചത്.അജ്മൽ ടി.കെ. ടൂർണമെൻറിലെ മികച്ച താരമായും ഫഹദ് മികച്ച ഗോൾകീപ്പറായും തിരഞ്ഞെടുക്കപ്പെട്ടു. ജുനൈദ് കീടക്കാടൻ മികച്ച ഡിഫൻഡറും മുഹമ്മദ് ഫവാസ് ടോപ് സ്കോററുമായി. നാലുപേരും ഐപിക്സ് ടെക്നോളജീസിൽ നിന്നുള്ളവരാണ്.സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ, ഡെപ്യൂട്ടി മാനേജർ (അഡ്മിനിസ്ട്രേഷൻ) ബിജേഷ് അധികാരത് എന്നിവർ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു.

# എൽബിഎസ് കോഴ്സുകൾ

**കൊച്ചി:** കേരള സർക്കാർ സംരംഭമായ എൽബിഎസ് സ്കിൽ സെന്ററിൽ പ്ലസ് ടു യോഗ്യതയുള്ള ഡിസിഎ, അക്കൗണ്ടിങ് , ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ് മുതലായ വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ള വിദ്യാർഥികൾ www.lbsskillcetnre.com എന്ന വെബ്സൈറ്റിൽ കയറി നിങ്ങൾക്കടുത്തുള്ള സെന്ററിൽ ബന്ധപെടാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് 62385 53571.



# സുഗന്ധവ്യഞ്ജനങ്ങളിലെ എഥിലീൻ ഓക്സൈഡ് ഉപയോഗം : ആശങ്കകൾ ദൂരീകരിക്കണം



**കൊച്ചി:** എഥിലീൻ ഓക്സൈഡ് ( ഇ.ടി.ഒ) സാന്നിധ്യം മൂലം സിംഗപ്പൂരും ഹോങ്കോങ്ങും പ്രത്യേക സുഗന്ധവ്യഞ്ജന കയറ്റുമതി നിരസിച്ചതുമായി ബന്ധപ്പെട്ട്, ഇന്ത്യൻ സുഗന്ധവ്യഞ്ജന വ്യവസായ രംഗത്തുണ്ടായ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന്

ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എ.ഐ.എസ്.ഇ.എഫ്) വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഇന്ത്യൻ സ്പൈസ് ആൻഡ് ഫുഡ്സ്റ്റഫ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ (ഐ.എസ് എഫ് ഇ.എ), ഇന്ത്യൻ പെപ്പർ ആൻഡ് സ്പൈസ് ട്രേഡ് അസോസിയേഷൻ (ഐ.പി.എസ്.ടി.എ), ഫെഡറേഷൻ ഓഫ് ഇന്ത്യൻ സ്പൈസ് സ്റ്റേക്ക്ഹോൾഡേഴ്സ് (എഫ്.ഐ. എസ്.എസ്) എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

എഥിലീൻ ഓക്സൈഡ് ഉപയോഗം സംബന്ധിച്ച് തെറ്റിദ്ധാരണകൾ നീക്കേണ്ടതുണ്ട്. ഇത് ഒരു കീടനാശിനിയല്ല.സുഗന്ധദ്രവ്യങ്ങളിലും ഭക്ഷ്യ ഉൽപന്നങ്ങളിലും അടങ്ങിയിരിക്കുന്ന സാൽമൊണെല്ല, ഇ.കോളി തുടങ്ങിയ രോഗാണുക്കളും സൂക്ഷ്മജീവികളുടെ മലിനീകരണം നിയന്ത്രിക്കുന്നതിനും, ഭക്ഷ്യവസ്തുക്കളെ അണുവിമുക്തമാക്കാനും ഏറെ നിർണായകമായ ഒരു സ്റ്ററിലൈസിങ്ങ് ഏജന്റാണിത്. സുഗന്ധവ്യഞ്ജനങ്ങളുടെ തനിമയും സ്വാദും ഗുണങ്ങളും നിലനിർത്തുന്നതിൽ ആവിയോ ചൂടോ ഉപയോഗിച്ചുള്ള ഇതര മാർഗങ്ങളേക്കാൾ വളരെ മികച്ചതാണ് ഇ.ടി.ഒ പ്രയോഗം.യുണൈറ്റഡ് സ്റ്റേറ്റ്സ് ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിൽ അതിന്റെ അനുവദനീയമായ പരിധിയിലുള്ള ഉപയോഗം നിലവിലുണ്ട്.

സ്പൈസസ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിബന്ധനകൾ പാലിച്ചു തന്നെ സുഗന്ധവ്യഞ്ജനങ്ങൾക്ക് ഇടി.ഒ പ്രയോഗം നിയമപ്രകാരം അനുവദിക്കേണ്ടതാണ്.

ഇ.ടി.ഒ ഉപയോഗിച്ച് സംസ്കരിച്ചസുഗന്ധവ്യഞ്ജനങ്ങൾ വിതരണം ചെയ്യാൻ ഇന്ത്യൻ കയറ്റുമതിക്കാരെ അനുവദിച്ചില്ലെങ്കിൽ അത് ആഗോള സുഗന്ധവ്യഞ്ജന വിപണിയിൽ രാജ്യത്തിന്റെ സ്ഥാനത്തെ ദോഷകരമായി ബാധിക്കുമെന്ന് എ.ഐ.എസ്.ഇ.എഫ് ചെയർമാൻ സഞ്ജീവ് ബിഷ്ത് പറഞ്ഞു.

സുഗന്ധവ്യഞ്ജന ഉൽപന്നങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഗുണനിലവാര മാനദണ്ഡങ്ങളും പരമാവധി അവശിഷ്ട പരിധികളും (എം.ആർ .എൽ) നിശ്ചയിച്ചിട്ടുണ്ട്. ശാസ്ത്രീയമായി അപകടസാധ്യത വിലയിരുത്തേണ്ടത് അതിന്റെ അടിസ്ഥാനത്തിലാണെന്ന് എഐഎസ്ഇഎഫ് വൈസ് ചെയർമാൻ ഇമ്മാനുവൽ നമ്പുശ്ശേരിൽ പറഞ്ഞു.

നൂറ്റാണ്ടുകളായി സുഗന്ധവ്യഞ്ജനങ്ങളുടെ നാടായി അറിയപ്പെടുന്ന ഇന്ത്യ, പോയ വർഷം ഏകദേശം 4.2 ബില്യൺ ഡോളറിന്റെ (14.26 ലക്ഷം ടൺ) സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്തു. കയറ്റുമതി ഇത്രയും വലിയ തോതിൽ നടക്കുമ്പോളും അത്തരം കയറ്റുമതിയുടെ 1% ൽ താഴെ മാത്രം വരുന്ന നിരസിക്കലുകളാണ് വിവാദമാവുത്. ഇന്ത്യയിൽ നിന്ന് സിംഗപ്പൂരിലേക്കും ഹോങ്കോങ്ങിലേക്കും സുഗന്ധവ്യഞ്ജന കയറ്റുമതി നിരോധിച്ചിട്ടില്ല എന്നതും എടുത്ത് പറയേണ്ടതാണ്.

ഇ.ടി.ഒ പ്രയോഗത്തിന്റെ സുരക്ഷിതത്വവും ഫലപ്രാപ്തിയും എ.ഐ.എസ് ഇ എഫ് പ്രതിനിധികൾ വിശദീകരിച്ചു. ഇത് അനുവദിക്കാതിരിക്കുന്നത് മൈക്രോബയോളജിക്കൽ രോഗാണുക്കൾ വഴിയുള്ള അപകടസാധ്യത വർദ്ധിപ്പിക്കുന്നതിനും, നിയന്ത്രണങ്ങൾ പാലിക്കാതിരിക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ ഉൽപ്പന്നങ്ങൾ മടക്കുന്നതിനും ഇടയാക്കും. ഇത് ഇന്ത്യയുടെ വിപണി വിഹിതത്തെ അപകടത്തിലാക്കും.അമേരിക്കൻ സ്പൈസ് ട്രേഡ് അസോസിയേഷൻ, സ്പൈസസ് ബോർഡിന് അയച്ച കത്തിൽ, യു.എസ്.എയിലെ സുഗന്ധവ്യഞ്ജനങ്ങളിൽ ഇ.ടി.ഒ ഉപയോഗിക്കുന്നതിന്

നിലവിൽ അനുമതിയുണ്ടെന്ന് ഉറപ്പിച്ചുപറയുന്നുണ്ട്. എഫ്ഡിഎ നിയന്ത്രണങ്ങൾ പാലിക്കുന്നതിനുള്ള പ്രാഥമിക രീതികളിലൊന്നായി യുഎസ് സുഗന്ധവ്യഞ്ജന വ്യവസായം ഇ.ടി.ഒ ട്രീറ്റ്മെന്റാണ് ആശ്രയിക്കുന്നത്.ഇ.ടി.ഒ വഴി സംസ്കരിച്ച സുഗന്ധവ്യഞ്ജനങ്ങളുടെ മേൽനോട്ടവും പരിശോധനയും സർട്ടിഫിക്കേഷനും ഉൾപ്പെടുന്ന ശക്തമായ ഒരു നിയന്ത്രണ ചട്ടക്കൂട്ടാണ് ആവശ്യം. ഇങ്ങനെ സംസ്കരിച്ച സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണങ്ങളെയും സുരക്ഷയെയും കുറിച്ച് ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിനുള്ള നടപടികളും ആവശ്യമാണ്.

ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജന കയറ്റുമതിയിൽ ഗുണനിലവാരം, സുരക്ഷ എന്നിവ ഉയർത്തിപ്പിടിക്കുന്നതിനു റെഗുലേറ്ററി അതോറിറ്റികളുമായും വ്യവസായ പങ്കാളികളുമായും യോജിച്ച് പ്രവർത്തിക്കാൻ വ്യവസായ സംഘടനകൾ പ്രതിജ്ഞാബദ്ധമാണ് എന്നും സഞ്ജീവ് ബിഷ്ത് പറഞ്ഞു.

വേൾഡ് സ്പൈസ് ഓർഗനൈസേഷൻ ചെയർമാൻ രാംകുമാർ മേനോൻ, എഐഎസ് ഇ എഫ് മാനേജ്മെന്റ് കമ്മിറ്റി മെമ്പർമാരായ പ്രകാശ് നമ്പൂതിരി നിശേഷ് ഷാ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു..



# ഓഹരി വിപണി നിക്ഷേപം: സെമിനാർ നടത്തി

**കൊച്ചി:** ഓഹരി വിപണിയിലെ നിക്ഷേപവുമായി ബന്ധപ്പെട്ട് ബോധവൽക്കരണത്തിന്റെ ഭാഗമായി സെക്യൂരിറ്റീസ് ആന്റ് എക്സേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)യുടെ സഹകരണത്തോടെ പബ്ലിക് കൗൺസിൽ ഓഫ് ഇന്ത്യ(പിആർസി ഐ) കൊച്ചി ചാപ്റ്ററും അലൈസ് ബ്ലൂവും സംയുക്തമായി സെമിനാർ സംഘടിപ്പിച്ചു. ഇൻവെസ്റ്റേഴ്സ് അവൈയർനെസ് പ്രോഗ്രാം എന്ന പേരിൽ സംഘടിപ്പിച്ച സെമിനാർ പിആർസി ഐ ഡയറക്ടറും ഗവേണിംഗ് കൗൺസിൽ സെക്രട്ടറിയുമായ ടി വിനയകുമാർ ഉദ്ഘാടനം ചെയ്തു. പിആർസി ഐ കൊച്ചി ചാപ്റ്റർ ചെയർമാൻ ബാബു ജോസഫ് അധ്യക്ഷത വഹിച്ചു. കേരള ചെയർമാൻ റാം മേനോൻ മുഖ്യപ്രഭാഷണം നടത്തി. കൊച്ചി ചാപ്റ്റർ സെക്രട്ടറി മനോജ് മാനുവൽ,ട്രഷറർ പി കെ നടേഷ് തുടങ്ങിയവർ സംസാരിച്ചു.ഓഹരി വിപണിയിലെ നിക്ഷേപം, സാധ്യത തുടങ്ങിയ വിഷയങ്ങളിൽ എംസിഎസ് കേരള ഹെഡ് ബിജു ഗോപിനാഥൻ, അലൈസ് ബ്ലൂ എവിപി ആന്റ് ഹെഡ് ഓഫ് കമ്മോഡിറ്റീസ് കെ എ അനിൽ കുമാർ, നിഖിൽ മാത്യു തുടങ്ങിയവർ ക്ലാസെടുത്തു.

# പകർച്ചപ്പനികൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്തണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ഉഷ്ണ തരംഗവും തുടർന്നുള്ള വേനൽ മഴയും കാരണം വിവിധതരം പകർച്ചപ്പനികൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ എല്ലാ വകുപ്പുകളും ഏകോപിച്ച് പ്രവർത്തിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃത്യമായി നടത്തണം. പൊതുതാമസ ഇടങ്ങൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ കേരള പൊതുജനാരോഗ്യ നിയമമനുസരിച്ച് ശുചീകരണമുറപ്പാക്കണം. കിണറുകൾ, കുടിവെള്ള സ്രോതസുകൾ എന്നിവ ശുചീകരിക്കണം. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കും. സ്കൂളുകളിലെ വെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കണം. ചികിത്സാ പ്രോട്ടോകോൾ കൃത്യമായി പാലിക്കണം. ആശുപത്രികളിൽ പ്രത്യേക ഫീവർ ക്ലിനിക്കുകൾ ആരംഭിക്കും. ഐസൊലേഷൻ കിടക്കകൾ മാറ്റിവയ്ക്കണം. ആശുപത്രികൾ മരുന്നുകളുടെ സ്റ്റോക്ക് വിലയിരുത്തി ലഭ്യത ഉറപ്പാക്കണം. സ്റ്റോക്ക് 30 ശതമാനത്തിന് താഴെയാകുന്നതിന് മുമ്പേ കൃത്യമായി അറിയിക്കണമെന്നും മന്ത്രി നിർദേശം നൽകി. ജില്ലകളുടെ ഉന്നതതല യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്.

കേരള പൊതുജനാരോഗ്യ നിയമം പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കും. പൊതു ജല സ്രോതസുകൾ ശുദ്ധമായി സൂക്ഷിക്കുക എന്നത് ഉത്തരവാദപ്പെട്ടവരുടെ ചുമതലയാണ്. അതിനാൽ അവർ കൃത്യമായ ഇടവേളകളിൽ ക്ലോറിനേറ്റ് ചെയ്യണം. മഞ്ഞപ്പിത്തം ബാധിച്ചവർ സെക്കന്ററി ഇൻഫക്ഷൻ വരാതിരിക്കാൻ ആറാഴ്ച വിശ്രമിക്കണം. അവബോധ പ്രവർത്തനങ്ങൾ ശക്തമാക്കാനും നിർദേശം നൽകി. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് കാമ്പയിൻ സംഘടിപ്പിക്കണം. പഞ്ചായത്തുകളിൽ മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെ നടത്തണം. പകർച്ചവ്യാധികൾക്കെതിരെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും യോഗങ്ങൾ ചേർന്ന് ജാഗ്രതാ നിർദേശം നൽകി പ്രതിരോധം ശക്തമാക്കിയിരുന്നു. ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റിസ് എ) തുടങ്ങിയ രോഗങ്ങളാണ് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. ഇനി മഴക്കാലം കൂടി വരുന്നതിനാൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തണമെന്നും മന്ത്രി നിർദേശം നൽകി. കേസുകൾ കൂടുന്നില്ലെന്ന് ഉറപ്പാക്കുക, അവബോധം ശക്തിപ്പെടുത്തുക, മികച്ച ചികിത്സ നൽകുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം. പൊതുജനാരോഗ്യ നിയമമനുസരിച്ച് യോഗങ്ങൾ ചേർന്ന് ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും നിർദേശം നൽകി.

ജില്ലകളിലെ സാഹചര്യവും ചെയ്ത പ്രതിരോധ പ്രവർത്തനങ്ങളും ജില്ലാ മെഡിക്കൽ ഓഫീസർമാർ വിവരിച്ചു. എറണാകുളം, മലപ്പുറം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, പത്തനംതിട്ട, പാലക്കാട് ജില്ലകളിലാണ് പ്രധാനമായും മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്തത്. എല്ലാ സ്ഥലങ്ങളിലും വെള്ളത്തിലൂടെയാണ് മഞ്ഞപ്പിത്തം ഉണ്ടായതെന്നാണ് കണ്ടെത്തിയത്.

# സീ പോർട്ട് എയർ പോർട്ട് റോഡിലെ അനധികൃത പാർക്കിംഗ് തടയണം: മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** സീ പോർട്ട്  എയർ പോർട്ട് റോഡിൽ ഇരുമ്പനം മുതൽ കളമശേരി വരെയുള്ള  ഭാഗത്ത് അപകടമുണ്ടാക്കുന്ന വിധം നിർത്തിയിടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നടപടിയെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. കൊച്ചി സിറ്റി ട്രാഫിക് എൻഫോഴ്സ്മെന്റിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നും  കൃത്യമായി നിരീക്ഷിച്ച് തുടർ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ഉത്തരവിൽ പറഞ്ഞു. തൃക്കാക്കര പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കാണ് നിർദ്ദേശം നൽകിയത്.

ഇരുമ്പനം  കളമശേരി ഭാഗത്ത്  ഇന്ധന ടാങ്കർ ലോറികളുടെ അനധികൃത പാർക്കിംഗ് തടയണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി.തൃക്കാക്കര അസിസ്റ്റന്റ് കമ്മീഷണറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി.അപകടകരമായ രീതിയിൽ ടാങ്കറുകൾ പാർക്ക് ചെയ്യുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറഞ്ഞു.സ്ഥലത്ത് പെട്രോളിംഗ് നടത്തുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ചെത്തിക്കോട് സ്വദേശി എൽദോ സമർപ്പിച്ച പരാതിയിലാണ് നടപടി.

# ജലവിതരണം മുടങ്ങും

**കോലഞ്ചേരി:** കേരള വാട്ടർ അതോരിറ്റിയുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സെക്ഷന് കീഴിലുള്ള ചൂണ്ടി ക്ലിയർ വാട്ടർ പമ്പ് ഹൗസിൽ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ തിരുവാണിയൂർ, വടവുകോട്, പുത്തൻകുരിശ്, തൃപ്പൂണിത്തുറ, ഉദയംപേരൂർ, ചോറ്റാനിക്കര തുടങ്ങിയ പ്രദേശങ്ങളിൽ ഇന്നും (18.05.24) ജലവിതരണം മുടങ്ങുമെന്ന് കേരള വാട്ടർ അതോരിറ്റി പുത്തൻകുരിശ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. ഇവിടങ്ങളിൽ ഇന്നലെയും ജലവിതരണം തടസപ്പെട്ടിരുന്നു.

# ലാടെക്ക് പ്രസിദ്ധീകരണ സോഫ്റ്റ്‌വെയർ പരിശീലന പരിപാടി

**തിരുവനന്തപുരം:** സ്വതന്ത്ര സോഫ്റ്റ്‌വെയർഹാർഡ്‌വെയർ മേഖലയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്വതന്ത്രവിജ്ഞാന ഗവേഷണ വികസനകേന്ദ്രം (ഐസിഫോസ്) 16 മണിക്കൂർ നീണ്ടുനിൽക്കുന്ന ലാടെക്ക്  പ്രസിദ്ധീകരണ സോഫ്റ്റ്‌വെയർ പരിശീലന പരിപാടി  നടത്തുന്നു.

കമ്പ്യൂട്ടറിൽ ഡോക്യൂമെന്റുകൾ തയ്യാറാക്കാൻ ഉപയോഗിക്കുന്ന ഒരു സോഫ്റ്റ്‌വെയറാണ് ലാടെക്ക്.  ഉയർന്ന നിലവാരത്തിലുള്ള ടൈപ്പ് സെറ്റിങ് സംവിധാനമാണിത്. വിദ്യാർത്ഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്ക്  കോഴ്സിലേക്ക് അപേക്ഷിക്കാം.

മെയ് 27 മുതൽ ജൂൺ 4 വരെ ഓൺലൈനായി നടക്കുന്ന പരിപാടി.  8 പ്രവൃത്തി ദിവസങ്ങളിലായി ദിവസം 2 മണിക്കൂർ വീതമുള്ള സെഷനുകളായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും. 700 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

https://icfoss.in/event-details/186എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം.

അപേക്ഷിക്കേണ്ട അവസാന തിയതി മെയ്  23. കൂടുതൽവിവരങ്ങൾക്ക്: +91 7356610110, +91 2700012 /13, +91 471 2413013, +91 9400225962.

# കോഴ്സുകൾക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം സെന്ററിൽ 2024 25 അധ്യയന വർഷത്തെ ഒരു വർഷം ദൈർഘ്യമുള്ള പി.എസ്.സി അംഗീകൃത തൊഴിലധിഷ്ഠിത ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളായ ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ് ഫുഡ് പ്രൊഡക്ഷൻ എന്നിവയിൽ അപേക്ഷ ക്ഷണിച്ചു.  അടിസ്ഥാന യോഗ്യത പ്ലസ്ടു, തത്തുല്യം ആണ്. www.fcikerala.org വഴിയും തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ നേരിട്ടും അപേക്ഷിക്കാം. അപേക്ഷ 31ന് വൈകിട്ട് 5 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712728340, 8075319643, 7561882783, 8075899870.



# പക്ഷിപ്പനി: കുട്ടനാട് നിരീക്ഷണത്തിന് പ്രത്യേക കർമ പദ്ധതി പരിശോധിക്കും

**ആലപ്പുഴ:** കുട്ടനാടിൻറെ പാരിസ്ഥിതിക പ്രത്യേകതകൾ പരിഗണിച്ച് പക്ഷിപ്പനി നിരീക്ഷണത്തിനായി പ്രത്യേക കർമ പദ്ധതി ആവശ്യമാണോയെന്നു പരിശോധിക്കുമെന്ന് കേന്ദ്ര സംഘം ഉൾപ്പെട്ട പക്ഷിപ്പനി അവലോകന യോഗം. പക്ഷിപ്പനി സ്ഥിരീകരിച്ചതിനെത്തുടർന്ന് രോഗപ്രതിരോധ നിരീക്ഷണ സംവിധാനങ്ങൾ വിലയിരുത്തുന്നതിൻറെ ഭാഗമായാണ് കേന്ദ്ര സംഘം ജില്ലയിലെത്തിയത്.

രോഗലക്ഷണങ്ങൾ കാണുമ്പോൾ മാത്രമല്ലാതെ മുഴുവൻ സമയ നിരീക്ഷണ സംവിധാനം കൂടുതൽ ഊർജിതമാക്കണമെന്നും കോണ്ടൂർ കൺവൻഷൻ സെൻററിൽ ചേർന്ന യോഗം നിർദേശിച്ചു. ജില്ലയിലെ പക്ഷിപ്പനി നീരീക്ഷണ സംവിധാനം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ എന്നിവ യോഗം വിലയിരുത്തി.

കേന്ദ്ര മൃഗസംരക്ഷണ മന്ത്രാലയം കമ്മീഷണർ ഡോ. അഭിജിത്ത് മിത്രയുടെ നേതൃത്വത്തിലുള്ള സംഘമാണ് ജില്ലയിലെത്തിയത്. ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസസ് (നിഷാദ്) പ്രിൻസിപ്പൽ സൈൻറിസ്റ്റ് ഡോ. സി. ടോഷ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്ററിനറി എപ്പിഡമോളജി ആൻഡ് ഡിസീസ് ഇൻഫർമാറ്റിക്സ് പ്രിൻസിപ്പൽ സൈൻറിസ്റ്റ് ഡോ. മുദ്ദസർ ചന്ദ, കേന്ദ്ര മൃഗസംരക്ഷണ ക്ഷീര വകുപ്പ് അസി. കമ്മീഷണർ ഡോ. അദിരാജ് മിശ്ര എന്നിവരടങ്ങുന്നതാണ് സംഘം.

പക്ഷിപ്പനി ആവർത്തിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. വൈറസിന്റെ ഉറവിടം കണ്ടെത്തുകയാണ് പ്രധാനം.

ഇതിനായി ദേശാടന പക്ഷികൾ, തണ്ണീർത്തട പക്ഷികൾ എന്നിവയിൽ നിന്ന് കൂടുതൽ സാമ്പിളുകൾ ശേഖരിക്കേണ്ടതുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നു വരുന്ന വളർത്തുപക്ഷികളെയും നിരീക്ഷണക്കണമെന്ന് യോഗം വിലയിരുത്തി.

കുട്ടനാട്ടിലെ താറാവ് വളർത്തു രീതി മനസിലാക്കാൻ ചമ്പക്കുളം പഞ്ചായത്തിലെ താറാവുവളർത്തു കേന്ദ്രങ്ങളിൽ സംഘം സന്ദർശനം നടത്തി.

കുട്ടനാട് തലവടിയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച താറാവുകളെ ഇന്നു കൊന്നൊടുക്കും. രാവിലെ 8.30 മുതൽ ദ്രുതകർമസേനയുടെ നാലു ടീമുകളുടെ നേതൃത്വത്തിലാണ് കൊന്നൊടുക്കുന്നത്.

13ാം വാർഡിൻ പൂഞ്ചായിൽചിറ ബിനോയിയുടെ താറാവുകൾക്കാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. താറാവിൻറെ സാമ്പിൾ ഭോപ്പാൽ വൈറോളജി ലാബിലെ പരിശോധനയ്ക്കു ശേഷമാണ് സ്ഥിരീകരണമായത്.

ജില്ലാ മൃഗരോഗ നിയന്ത്രണ പദ്ധതി കോഓർഡിനേറ്ററുടെ നിർദേശപ്രകാരം കൊന്നൊടുക്കുന്ന താറാവുകളെ ദഹിപ്പിക്കാൻ 23 ടൺ വിറക്, രണ്ട് ടൺ ചിരട്ട, 100 കിലോ പഞ്ചസാര, 100 ലിറ്റർ ഡീസൽ, 100 കിലോ കുമ്മായം എന്നിവ പഞ്ചായത്തിൻറെ നേതൃത്വത്തിൽ വാങ്ങി ക്രമീകരണങ്ങൾ പൂതിയാക്കിയതായി സെക്രട്ടറി അറിയിച്ചു. കളക്ടറുടെ നിർദേശപ്രകാരം പോലീസ് പ്രദേശത്ത് ആവശ്യമായ സുരക്ഷ ഒരുക്കും. താറാവുകൾക്ക് പക്ഷിപ്പനി സ്ഥിരീകരിച്ച കേന്ദ്രത്തിനു ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മറ്റ് വളർത്തു പക്ഷികളെയും കൊന്നുടുക്കി നശിപ്പിക്കും.

# സുവോളജിക്കൽ പാർക്കിലേക്ക് മൃഗങ്ങളെ മാറ്റുന്നതിൽ പ്രതിസന്ധി

**പുത്തൂർ:** തൃശൂർ മൃഗശാലയിൽ നിന്നും സുവോളജിക്കൽ പാർക്കിലേക്ക് പക്ഷി  മൃഗാദികളെ മാറ്റുന്നതിൽ പ്രതിസന്ധി തുടരുന്നു. നേരത്തെ തൃശൂർ മൃഗശാലയിൽ നിന്നും സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയ പക്ഷികളിൽ കനത്ത വേനൽചൂടിൽ ചത്തതിനെ തുടർന്നാണ് പക്ഷി  മൃഗാദികളെ മാറ്റുന്നത് നിർത്തിവെച്ചത്.




മേയ് മാസത്തിനുള്ളിൽ തൃശൂർ മൃഗശാലയിൽ നിന്ന് പക്ഷി മൃഗാദികളെ പൂർണമായും മാറ്റാനാണ് ജനുവരിയിൽ മന്ത്രി കെ.രാജൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതെങ്കിലും പക്ഷി  മൃഗാദികളുടെ മാറ്റം ഇനിയും നീണ്ടുപോകാനാണ് സാധ്യത.

സംഭവത്തെ തുടർന്ന് സുവോളജിക്കൽ പാർക്കിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കണമെനാവശ്യം ഉയർന്നിരുന്നു. നിലവിൽ മണ്ണുത്തി വെറ്ററിനറി കോളജിൽ നിന്നുള്ള ഡോക്ടർമാർക്കാണ് ചുമതല. സുവോളജിക്കൽ പാർക്കിൽ സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുന്നതിൻറെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കാനാണ് നീക്കം. നാല് കടുവകളും പുലിക്കുട്ടിയും സുവോളജിക്കൽ പാർക്കിലെ ഐസലേഷൻ കൂട്ടിൽ നിരീക്ഷണത്തിൽ തന്നെ തുടരുകയാണ്. ഇതിൽ കടുവകളുടെയും പുലിക്കുട്ടിക്കുട്ടിയുടെ നിരീക്ഷണക്കാലാവധി പൂർത്തിയായെങ്കിലും സുവോളജിക്കൽ പാർക്കിൽ ഇവയ്ക്കായി നിശ്ചയിച്ചിട്ടുള്ള ആവാസ ഇടത്തിലേക്ക് മാറ്റുന്നതിൽ തീരുമാനമായിട്ടില്ല.



മഴുവന്നൂർ പഞ്ചായത്ത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടന്ന റിക്രിയേഷൻ ആൻറ് കൾച്ചറൽ പ്രോഗ്രാം കവി മന്മഥൻ മാഷ് ഉദ്ഘാടനം ചെയ്യുന്നു.

# കുടുംബശ്രീ ദിനം: റിക്രിയേഷൻ ആന്റ് കൾച്ചറൽ പ്രോഗ്രാം നടത്തി

**കോലഞ്ചേരി:**കുടുംബശ്രീ ദിനത്തോടനുബന്ധിച്ച് ,മഴുവന്നൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സിഡിഎസിന്റെ നേതൃത്വത്തിൽ 'എന്നിടം' റിക്രിയേഷൻ ആൻഡ് കൾച്ചറൽ പ്രോഗ്രാം നടത്തി. വീട്ടൂർ എബനേസർ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പ്രോഗ്രാം കവി മന്മഥൻ മാഷ് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ എൽദോസ്, മെമ്പർ സെക്രട്ടറി സജീ വർഗീസ്, സിഡിഎസ് ചെയർപേഴ്സൺ സിമി ബാബു, വൈസ് ചെയർപേഴ്സൺ നിഷാ സുരേഷ്, സിഡിഎസ് മെമ്പർമാർ, ബ്ലോക്ക് ഓർഡിനേറ്റർ രമ്യ, കമ്മ്യൂണിറ്റി കൗൺസിലർ ബിൻസി, അക്കൗണ്ടന്റ് നിഷാ ജയകുമാർ, എഡിഎസ് സെക്രട്ടറി പ്രസന്ന മാത്യു, എഡിഎസ് ചെയർപേഴ്സൺ കലാ റെജി എഡിഎസ് ഭാരവാഹികൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ സുനിത ക്ലാസെടുത്തു. തുടർന്ന് കുടുംബശ്രീ അംഗങ്ങളുടെ വിവിധ കലാപരിപാടികളും അരങ്ങേറി

# ഐകൂ സെഡ് 9എക്സ് വിപണിയിൽ



**കൊച്ചി:** ഐകൂ സെഡ് 9 എക്സ് ഇന്ത്യയിൽ അവതരിപ്പിച്ചു. ക്വാൽകോം സ്നാപ് ഡ്രാഗൺ 6 ജെൻ 1ചിപ്പ് സെറ്റാണിത്. 6.72 അൾട്രാ ബ്രൈറ്റ് അഡാപ്റ്റീവ് ഡ് ഡിസ്പ്ലേയും.6000 എംഎഎച്ച് ബാറ്ററി. 4ജിബി റാം, 128 ജിബി സ്റ്റോറേജ് മോഡലിന് 12999 രൂപയാണ് വില. 6 ജിബി +128 ജിബിക്ക് 14,499 , രൂപയും 8 ജിബി +128 ജിബിക്ക് 15,999 , രൂപയാണ് വില.

# കൊച്ചി–ദമാം: നേരിട്ട് സർവ്വീസുമായി ഇൻഡിഗോ

**കൊച്ചി:** 2024 ജൂൺ 01 മുതൽ കൊച്ചിക്കും ദമ്മാമിനുമിടയിൽ ഇൻഡിഗോ നേരിട്ടുള്ള സർവ്വീസ് പ്രഖ്യാപിച്ചു. ഈ പുതിയ റൂട്ട് അവതരിപ്പിക്കുന്നത് ഇന്ത്യയും സൗദി അറേബ്യയും തമ്മിലുള്ള നേരിട്ടുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും ഉപഭോക്താക്കൾക്ക് മെച്ചപ്പെടുത്തിയ ഫ്ലൈറ്റ് ഓപ്ഷനുകൾ നൽകുകയുമെന്ന് കമ്പനി അധികൃതർ വ്യകത്തമാക്കി. സാമൂഹികസാംസ്കാരിക വൈവിധ്യമാർന്ന രണ്ട് പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുകയും ചെയ്യും.



# പാഠപുസ്തക വിതരണം അന്തിമഘട്ടത്തിൽ

**ഒറ്റപ്പാലം:** അധ്യായന വർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ ഷൊർണൂർ ബുക്ക് ഡിപ്പോയിൽ പാഠപുസ്തക വിതരണം ഭൂരിഭാഗവും പൂർത്തിയായി.

ജില്ലയിൽ പത്താംക്ലാസ്സ് ഒഴികെ മറ്റു ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ അധികവും സ്കൂളുകളിൽ എത്തിക്കഴിഞ്ഞു.

ഷൊർണൂർ ഗവ. സെൻട്രൽ ടെക്സ്റ്റ്ബുക്ക് സ്റ്റോറിൽ നിന്നാണ് ജില്ലയിലെ പൊതുവിദ്യാലയങ്ങളിലേക്കും അൺഎയ്ഡഡ് സ്കൂളുകളിലേക്കും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നത്. അതാത് മേഖലകളിലെ സൊസൈറ്റികൾ വഴിയാണ് പുസ്തകവിതരണം നടക്കുന്നത്.

കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റിയാണ് പുസ്തകങ്ങൾ അച്ചടിച്ചു നൽകുന്നത്. ആദ്യഘട്ടത്തിൽ നൽകേണ്ട എല്ലാ പുസ്തകങ്ങളും പ്രിൻറിംഗ് പൂർത്തിയായി വിതരണത്തിനു എത്തിച്ചിട്ടുണ്ട്.

28 ലക്ഷം പാഠപുസ്തകങ്ങളാണ് ഷൊർണൂർ ഡിപ്പോയിൽനിന്നും വിതരണം ചെയ്യുന്നത്. ഇതിൽ 26 ലക്ഷത്തിലധികം പുസ്തകങ്ങൾ വിദ്യാലയങ്ങളിലെത്തിച്ചു കഴിഞ്ഞുവെന്നു അധികൃതർ അറിയിച്ചു.

രണ്ടാംഘട്ട വിതരണത്തിനുള്ള പുസ്തകങ്ങൾ എത്തുമ്പോഴേക്കും മഴക്കാലമാകുകയും പുസ്തകങ്ങൾ ഇവിടെ സൂക്ഷിക്കാൻ കഴിയാതെ വരികയും ചെയ്യും.

ജില്ലയിലെ 250 വിദ്യാലയങ്ങൾക്കാണ് ഇവിടെ നിന്നും പുസ്തകം നൽകിയത്.

സർക്കാർ പ്രസുകളിൽ പ്രിൻറ് ചെയ്തു നൽകിയിരുന്ന സംവിധാനം മാറ്റിയതോടെയാണ് കൃത്യ സമയത്ത് വിദ്യാർഥികൾക്ക് പുസ്തകങ്ങൾ എത്തിക്കാൻ കഴിയുന്നതെന്നു ജീവനക്കാർ അവകാശപ്പെട്ടു.

